പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1285

02.05.2017-ൽ മറുപടിക്ക്
ലഭ്യമായതിന്റെ സമ്പൂർണ്ണ മറുപടി

## പഞ്ചായത്തുറോഡ് നിർമ്മാണത്തിലെ പുതിയ നിബന്ധനകൾ

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഞ്ചായത്തു റോഡുകളുടെ നിർമ്മാണത്തിൽ പുതിയ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (എ) | ഉണ്ട്.<br>ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ (2017-18)- മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം.<br>2. റോഡ് നിർമ്മാണ പ്രോജക്ടിൽ മൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് തൊഴിലുറപ്പ് പദ്ധതിയിലും ടാറിംഗ് ഉൾപ്പെടെയുള്ള മറ്റ് പ്രവൃത്തികൾ വികസനഫണ്ട് ഉപയോഗിച്ചും ചെയ്യുന്ന വിധത്തിലായിരിക്കണം വിഭാവനം ചെയ്യേണ്ടത്.<br>3. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണ്ണ ഗതാഗതയോഗ്യമാക്കിയതിനുശേഷം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.<br>4. ഗ്രാമ പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള ഏതു റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ് |

| | | | |
|---|---|---|---|
| | | | 5 ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡ് പ്രവൃത്തി പ്രോജക്ട് ഏറ്റെടുക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കണം.<br>• ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.<br>• പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.<br>6. അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ.<br>7. തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും ചെയ്യാൻ പാടില്ലാത്തതാണ്.<br>8. റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ പൊതുമരാമത്ത് വകുപ്പ് വ്യവസ്ഥകൾ പാലിച്ചു കൊണ്ട് മാത്രമേ കോൺക്രീറ്റ് പണികൾ ചെയ്യാൻ പാടുള്ളൂ.<br>9. ഗതാഗത തിരക്കേറിയ റോഡുകളിൽ കാൽ നടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപ്പാതകൾ നിർമ്മിക്കേണ്ടതാണ്<br>10. നാറ്റ്പാക് നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ആവശ്യമായ പ്ലാസ്റ്റിക് ടാറിൽ ചേർത്താണ് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യേണ്ടത്.<br>11. അപായ സാദ്ധ്യതയുള്ള റോഡുകളിൽ ഗ്രാമ പഞ്ചായത്തുകൾ അപായമുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം |
| (ബി) | പഞ്ചായത്തു റോഡുകളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായുള്ള ടാർ കരാറുകാർ വാങ്ങുന്നതിനു പകരം സെക്രട്ടറി വാങ്ങി കരാറുകാരനെ ഏൽപ്പിക്കാൻ | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | നിർദ്ദേശം നൽകിയിട്ടുണ്ടോ; | | |
| (സി) | എങ്കിൽ ടാർ സൂക്ഷിക്കലും, വിതരണം ചെയ്യലും കൂടിയാകുമ്പോൾ സെക്രട്ടറിക്ക് അധികജോലിഭാരം ആകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പുതിയ നിബന്ധനകൾ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ എത്ര റോഡുകളുടെ നിർമ്മാണമാണ് മുടങ്ങി കിടക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകാമോ? | (ഡി) | കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന റോഡുകളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |

Saradadevi

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### കാസറഗോഡ് ജില്ലയിൽ നിർമ്മാണം തുടങ്ങിയ റോഡുകളുടെ എണ്ണം

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | റോഡുകളുടെ എണ്ണം |
|---|---|---|
| | അജാനൂർ | |
| | ബദിയടുക്ക | 35 |
| | ബളാൽ | 61 |
| 4 | ബേഡഡുക്ക | 0 |
| 5 | ബെള്ളൂർ | 60 |
| 6 | ചെമ്മനാട് | 15 |
| 7 | ചെങ്കള | 46 |
| 8 | ചെറുവത്തൂർ | 61 |
| 9 | ദേലംപാടി | 8 |
| 10 | ഈസ്റ്റ്എളേരി | 0 |
| 11 | എൻമകജെ | 0 |
| 12 | കയ്യൂർ-ചീമേനി | 17 |
| 13 | കിനാനൂർ-കരിന്തളം | 0 |
| 14 | കള്ളാർ | 0 |
| 15 | കാറഡുക്ക | 0 |
| 16 | കോടോം-ബേളൂർ | 10 |
| 17 | കുമ്പഡാജെ | 32 |
| 18 | കുമ്പള | 18 |
| 19 | കുറ്റിക്കോൽ | 27 |
| 20 | മധൂർ | 35 |
| 21 | മടിക്കൈ | 17 |
| 22 | മംഗൽപാടി | 27 |
| 23 | മഞ്ചേശ്വരം | 30 |
| 24 | മീഞ്ച | 0 |
| 25 | മൊഗ്രാൽപുത്തൂർ | 16 |
| 26 | മുളിയാർ | 18 |
| 27 | പടന്ന | 0 |
| 28 | പൈവളിഗെ | 20 |
| 29 | പള്ളിക്കര | 52 |
| 30 | പനത്തടി | 39 |
| 31 | പിലിക്കോട് | 0 |
| 32 | പുല്ലൂർ-പെരിയ | 0 |
| 33 | പുത്തിഗെ | 22 |
| 34 | തൃക്കരിപ്പൂർ | 31 |
| 35 | ഉദുമ | 0 |
| 36 | വലിയപറമ്പ | 29 |
| 37 | വോർക്കാടി | 20 |
| 38 | വെസ്റ്റ് എളേരി | 34 |
| | | 0 |
| | ആകെ | 780 |
| | ജില്ലാ പഞ്ചായത്ത്. കാസറഗോഡ് | 30 |

സെക്ഷൻ ഓഫീസർ